**Mr. President.**—That is assuming the Constable behaved impolitely.

മിസ്റ്റർ ടി. കെ. നായർ (*Pazhayannur*).— ഡ്റസ്സില്ലാതിരുന്ന ഒരു കാൺസ്റ്റബിൾ വഴിയിൽക്കൂടി വരുന്ന ഒരാളോട് എടൊ, അവിടെ നില്ക്കു, താൻ ആരാണ് എന്നു ചോദിച്ചതിന്നു അയാൾ ഒരു മറുപടിയും പറഞ്ഞില്ല എന്നാണ് പറഞ്ഞതു്. മേലിലെങ്കിലും ഇങ്ങിനെയുള്ള ആക്ഷേപങ്ങൾക്കുടാതെ വളരെ മര്യാദയായിട്ട പെരുമാറിയാൽ കൊള്ളാം.

**Mr. A. L. Devassy** (*Commissioner of Police*).—This matter would have never seen the light of day. It was one and a half months after the incident that the gentleman thinks to write. Even he does not think that the constable behaved impolitely. He wrote not to complain. It was only a statement to set right public opinion.

**Mr. V. K. Krishnankutty** (*Anthikad*).—It is not a question of words; it is the behaviour on the part of the police officer.

## Nurses and Sisters—Hospitals—particulars regarding.

൧൭൭. മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).—താഴെപറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ഗവൺമെണ്ടിന്നു മയിവുണ്ടാകുമോ:—

(൧) ആസ്പത്രികളിലെ നെർസുമാക്കും സിസ്റ്റേഴ്സിനും ഒരേ ഗ്രേഡിലാണൊ ശമ്പളം കൊടുത്തുവരുന്നതു്;

(൨) നെർസുമാക്കു ഫ്രീകപാർട്ടേഴ്സ് അനുവദിക്കാറുണ്ടൊ;

(൩) സിസ്റ്റേഴ്സിനു കപാർട്ടേർസു അനുവദിക്കാറുണ്ടൊ;

(൪) ഇല്ലിവപേത്തർ ആസ്പത്രിയിലെ സിസ്റ്റേഴ്സിനു താമസിപ്പാൻ കപാർട്ടേഴ്സിനു വേ ക. പ്രതിമാസം അനുവദിക്കുന്നില്ലെ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു (*Chief Medical Officer*).—(൧) നെർസുമാക്കും ഇൻഡ്യൻ സിസ്റ്റേഴ്സിനും ഒരേ ഗ്രേഡിലുള്ള ശമ്പളം ആണ്. (൨൦-൨-൪൦). യുറോപ്യൻ സിസ്റ്ററിന്റെ ശമ്പളം ൪൦ ക. യാണ്.

(൨) കപാർട്ടേഴ്സ് ഉള്ള ടിക്കിൽ ഫ്രീ ആണ്.

(൩) ഉണ്ടു്.

(൪) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഈ നെഴ്സ് മാക്ക് ഫ്രീകപാർട്ടേഴ്സ് കൊടുക്കാതിരിക്കാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.— പ്രത്യേക കാരണമൊന്നുമില്ല. കപാർട്ടേഴ്സ് ഉള്ള ദിക്കിൽ കൊടുക്കുന്നുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— സിസ്റ്റേഴ്സിനു കൊടുക്കുവാൻ പ്രത്യേക കാരണമെന്താണ്?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.— സിസ്റ്റേഴ്സിനു പുറത്തുപോയി താമസിക്കുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഇവക്ക് നൈറ്റ് ഡ്യൂട്ടി ഇല്ലാത്തതുകൊണ്ടാണൊ കൊടുക്കുന്നത്?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.— അങ്ങിനെയല്ല. രാത്രിസമയത്തു അവക്ക് പുറത്തുപോകുവാൻ പാടില്ല. അതുകൊണ്ട് അവക്ക് കൊടുക്കുന്നുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— രാത്രിയിൽ നെഴ്സുമാരുടെ ആവശ്യം വരുകയാണെങ്കിൽ ദൂരസ്ഥലങ്ങളിൽ താമസിക്കുന്ന നെഴ്സുമാരെ വരുത്തി അതിലേക്ക് ഏർപ്പെടുത്തുന്നതിനു താമസം നേരിടുകയില്ലേ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.— രാത്രി ഡ്യൂട്ടിക്ക് വേറെ നെഴ്സുമാരെ നിയമിക്കാറുണ്ട്.

**Dr. A. R. Menon** *(Pallippuram)*.—Here it is found that some nurses are doing night duty and others are doing day duties.

**Dr. D. Raghavendra Rao** *(Chief Medical Officer)*.—The Sisters do duty during the major part of the day and the night duty is attended to by the nurses by turns.

**Dr. A. R. Menon** *(Pallippuram)*.—I think both come under the category of nurses. Is it not the practice in all hospitals that they work day and night?

**Dr. D. Raghavendra Rao** *(Chief Medical Officer)*.—It is only in Trichur this happens with regard to Indian sisters. They refuse to do night duty because of religious objection. They work all the 12 hours during day time.

**Dr. A. R. Menon** *(Pallippuram)*.—I cannot concede that point since it is said that it is on religious grounds. I think that is a wrong position.

LIBRARY ARCHIVES Kerala Legislative Assembly

**Dr. D. Raghavendra Rao** *(Chief Medical Officer)*.—It has been brought to the notice of the department and we have tried our level best to put them on night duty. Unless they are given quarters they say it will not be possible for them.

*മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— കപാർട്ടേഴ്സ് കൊടുക്കാത്ത നെഴ്സ്മാക്ക് വല്ല പ്രത്യേക അലവൻസും കൊടുക്കുന്നുണ്ടോ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.— ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— അവർ സിസ്റ്റേഴ്സിന്റെ മാതിരി കുടുംബം വേണ്ടെന്നുവച്ചു പോന്നിട്ടുള്ളവരാണൊ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.—അല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— കുടുംബത്തോട് ബന്ധമുള്ളവക്ക് അലവൻസോ കപാർട്ടേഴ്സൊ കൊടുക്കാത്തതു അനുചിതമല്ലെ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.— തൃശ്ശൂര് ഒരു കപാർട്ടേഴ്സ് ഉണ്ട്. പക്ഷെ അവിടെ എല്ലാവക്കും താമസിക്കുവാൻ മാത്രം സ്ഥലമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—സിവിലാശുപത്രിയിൽ നേഴ്സുമാക്ക് കപാർട്ടേഴ്സുണ്ടൊ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.— സിവിലാശുപത്രിയിൽ ഒരു കപാർട്ടേഴ്സുണ്ട്. അവിടെ സൌകര്യമില്ലാത്തവർ മെറേർണിറി ആശുപത്രിയിൽ താമസിക്കുന്നുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— സിവിലാശുപത്രിയിൽ നേഴ്സുമാക്ക് പ്രത്യേക കപാർട്ടേഴ്സ് കൊടുത്തിട്ടുണ്ടൊ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.— അവക്കായിട്ട പ്രത്യേകമില്ല.

**Dr. A. R. Menon** *(Pallippuram)*.—Are the nurses at Ernakulam given free quarters?

**Dr. D. Raghavendra Rao** *(Chief Medical Officer)*.—Yes they are given.

ഫ്രൻസ്. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— താഴെപറയുന്ന ചോദ്യങ്ങൾക്ക് ഗവണ്മെണ്ടിൽ നിന്നും മറുപടി പറയുവാൻ ദയവുണ്ടാകുമൊ:—

(ഫ) ആസ്പത്രികളിൽ ശുശ്രൂഷക്ക് നില്ക്കുന്ന കന്യാസ്ത്രീകൾ നൈറ്റ് ഡ്യൂട്ടിക്ക് ഹാജരാകണമെന്നുണ്ടൊ;

LIBRARY ARCHIVES Kerala Legislative Assembly

(ഛ) ആസ്പത്രികളിൽ രാത്രിയും പകലും ബുദ്ധിമുട്ടി ജോലിചെയ്യുന്ന നെർസുമാക്കും സിസ്റ്റേഴ്സിനും ശമ്പളം ഒരുപോലെയാണൊ കൊടുക്കുന്നത്;

(ന) രാത്രി ജോലിചെയ്യുവരുന്ന നെർസുമാക്ക് ശമ്പളം കൂടുതൽ കൊടുത്തുവരുന്നുണ്ടൊ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു (*Chief Medical Officer*).—

(ഛ) ജനറൽ ആസ്പത്രിയിൽ ശുശ്രൂഷക്കു നില്ക്കുന്ന കന്യാസ്ത്രികൾ ഫാജരാകണമെന്നുണ്ട്. എന്നാൽ സിവിൽ ആസ്പത്രിയിൽ നിർബ്ബന്ധമില്ല.

(ഛ) യൂറോപ്യൻ സിസ്റ്റേഴ്സിനും നെർസുമാക്കും ശമ്പളം ഒരുപോലെയല്ല.

(ന) രാത്രിജോലിക്കു മാത്രം പ്രത്യേകം ആളെ നിയമിച്ചിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഈ രാത്രി ജോലിചെയ്യുന്ന നെഴ്സുമാക്കു പകൽ ജോലിയുണ്ടൊ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു (*Chief Medical Officer*).— ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— രാത്രി ജോലിക്കുവെക്കുന്ന നെഴ്സുമാക്കു പകൽ ജോലിയില്ലെന്നു ആദ്യം ഇവിടെ ഉത്തരം പറഞ്ഞിട്ടുണ്ട്. രാത്രിയും പകലും ജോലിക്കുവച്ചിരിക്കുന്ന നേഴ്സുമാക്കു രാത്രി ജോലി ചെയ്യുന്നതിനു പ്രത്യേക ശമ്പളം കൊടുക്കുന്നുണ്ടൊ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു (*Chief Medical Officer*) —അതു ടേമ് സായിട്ട വരുകയാണ്. എപ്പോഴും രാത്രിമാത്രമല്ല.

**Dr. A. R. Menon** (*Pallippuram*).—A sister in a hospital in other parts means some superior among the nurses. Here they are merely nurses and they are called sisters because they have taken the holy order.

**Dr. D. Raghavendra Rao** (*Chief Medical Officer*).—Of course. These sisters are all convent sisters both in Ernakulam and Trichur.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).—രാത്രി ജോലി ചെയ്യുന്നവക്കു കുറച്ചു കൂടുതൽ ശമ്പളം കൊടുക്കേണ്ടതാണെന്നു തോന്നുന്നില്ലെ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു (*Chief Medical Officer*).—രാത്രി തന്നെ ജോലി ചെയ്യണമെന്നില്ല. ചിലപ്പോൾ രാത്രിയിലും ചിലപ്പോൾ പകലും ജോലിയുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

ഫ്രൻ. മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— താഴെപറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ഗവമ്മേണ്ടിന്നു ദയവുണ്ടാകുമൊ:—

(ക) ആസ്പത്രികളിൽ നെഴ്സ് ജോലിചെയ്യുന്ന സിസ്റ്റേഴ്സിന്നു ഒരു കൊല്ലത്തിൽ ഉടുപ്പിന്നു എന്താണു ഗവമ്മെണ്ടിൽനിന്നു കൊടുത്തു വരുന്നതു;

(ഖ) നെഴ്സുമാക്കു ഉടുപ്പിന്നു എന്തൊക്കെ കൊടുത്തുവരുന്നു?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു (*Chief Medical Officer*).— (ക) യൂറോപ്യൻ സിസ്റ്റേഴ്സിന്നു ഏഴുപേക്കു ക്രടി പത്തു പീസ്സ് ലോങ്ങ്ക്ലോത്തും ഇന്ത്യൻ സിസ്റ്റേഴ്സിന്നു അഞ്ചു പേക്കു ക്രടി അഞ്ചു പീസ്സ് ലോങ്ങ്ക്ലോത്തും കൊടുത്തുവരുന്നുണ്ടു.

(ഖ) നെർസുമാക്കു ഒരോരുത്തക്കു മൂന്നു സ്സാരി വീതം കൊടുക്കുന്നുണ്ടു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഈ സാരി മാത്രം പുററിയിട്ടു നേഴ്സുമാർ ആശുപത്രിയിൽ പോയാൽ മതിയെന്നു തോന്നുന്നുണ്ടൊ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു (*Chief Medical Officer*).— അവക്കു ഡ്രസ്സു വല്ലതും കൊടുക്കണമെന്നു നിർബന്ധമില്ല. പക്ഷെ ഡിപ്പാർട്ടുമെൻറിൽ ബെഡ്ഡിനും മറും കൊള്ളിച്ചിട്ടുള്ള സംഖ്യയിൽ കുറച്ചു ബാക്കിയുണ്ടാകും. അതുകൊണ്ടു അവക്കു കൊടുക്കുന്നു എന്നേയുള്ളൂ. ഇനിമേലാൽ കൊടുക്കാൻ നിശ്ചയിച്ചിട്ടുമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— സിസ്റ്റേഴ്സിനു കൊടുക്കുവാൻ വച്ചിട്ടുണ്ടൊ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു (*Chief Medical Officer*).— സിസ്റ്റേഴ്സിനു കൊടുക്കണമെന്നു നിർബന്ധമുണ്ടു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— സിസ്റ്റേഴ്സിനു ശമ്പളം കൊടുക്കുന്നുണ്ടു; നൈറ ഡ്യൂട്ടിയില്ല. ഡ്രസ്സും കൊടുക്കണമെന്നു നിർബന്ധമുണ്ടെന്നാണൊ പറയുന്നതു?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു (*Chief Medical Officer*).— ഇവിടത്തെ സിസ്റ്റേഴ്സിനു നൈറ ഡ്യൂട്ടിയുണ്ടു.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— ഈ കമ്മിറ്റിൻ ചോദിച്ചതുകൊണ്ടാണൊ ഇനി അടുത്ത കൊല്ലംമുതൽ സാരി കൊടുക്കുവാൻ നിശ്ചയിച്ചിട്ടില്ല എന്നു പറഞ്ഞതു?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു (*Chief Medical Officer*).— അതുകൊണ്ടൊന്നുമല്ല. പണം കുറച്ചേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഈ സിസ്റ്റേഴ്സ് നേഴ്സുമാരുടെ സീനിയേഴ്സായിരിക്കുമോ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.— ഇപ്പോൾ എറണാകുളത്തുള്ള യൂറോപ്യൻ സിസ്റ്റേഴ്സു നേഴ്സുമാരുടെ സീനിയേഴ്സാണു്. തൃശ്ശൂർ ഒരാൾ മാത്രമേ സീനിയറായുള്ളൂ. ബാക്കിയൊക്കെ സമമാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— തൃശ്ശൂരുള്ള സിസ്റ്റേഴ്സ് ഒക്കെ ശരിയായിട്ട ഗവമ്മെൻറിൽനിന്നു ട്രെയിൻചെയ്തിട്ടുള്ളവരാണൊ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.—അതെ.

ഫൻവു. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— താഴെ പറയുന്ന ചോദ്യത്തിനു മറുപടി പറയുവാൻ ഗവമ്മെണ്ടിനു മയുണ്ടാകുമൊ:—

(എ) നെഴ്സ്മാക്കു് അവകാശ അവധി അനുവദിക്കാറുണ്ടൊ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടു്?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.—
(എ) അനുവദിക്കാറുണ്ടു്.

(ബി) മറുപടി ആവശ്യമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— അവകാശാവധി ആവശ്യപ്പെട്ടുകൊണ്ടു ഏതെങ്കിലും നേഴ്സ്മാരുടെ പക്കൽനിന്നു അപേക്ഷ കിട്ടീട്ടുണ്ടൊ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.— വളരെ അപേക്ഷക്കാരുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— അതിൽ ചിലും അനുവദിച്ചു കൊടുത്തിട്ടുണ്ടൊ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.— കൊടുത്തിട്ടുമുണ്ടു്; കൊടുക്കാതെയും ഇരുന്നിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഫ്രഞ്ചിൽ കൊടുത്തിട്ടുണ്ടൊ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.— ഉവ്വു്.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— കൊടുക്കാതിരിപ്പാൻ കാരണമെന്താണു്?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.— ജോലിക്കു തൽക്കാലം വേറെ ആളുകൾ ഉണ്ടാകയില്ല; അതുകൊണ്ടാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഫ്രൻൻ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—

താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമോ:—

(ക) നെഴ്സുമാക്കു വിവാഹം കഴിക്കാൻ പാടില്ലെന്നു വല്ല ഗവമ്മെണ്ടു വ്യവസ്ഥയുമുണ്ടോ;

(ഖ) വിവാഹം കഴിഞ്ഞിട്ടുള്ള നേഴ്സസ് ഇപ്പോൾ ഡിപ്പാർട്ടുമെണ്ടിലുണ്ടോ;

(ഗ) ഉണ്ടെങ്കിൽ എത്രയെന്നും അതെല്ലാമെന്നും പറയാമോ;

(ഘ) മീനാക്ഷി എന്ന ഒരു തിയ്യ നെഴ്സിനെ വിവാഹം കഴിക്കുകയാൽ സർവ്വീസിൽനിന്നും ഒഴിവാക്കീട്ടുണ്ടോ;

(ങ) കണ്ണാസ്പത്രിയിൽ നിയമിച്ചിട്ടുള്ള നേഴ്സ് കെ. ജെ. റോസ വിവാഹിതയല്ലെ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.—

(ക) ഉണ്ട്.

(ഖ) ഉണ്ട്.

(ഗ) ക—ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് *(Appendix III.)*

(ഘ) ഉണ്ട്.

(ങ) അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— മീനാക്ഷി എന്ന തിയ്യ സ്ത്രീ വിവാഹം കഴിക്കയാൽ ഉദ്യോഗത്തിൽനിന്ന് പിരിച്ചയച്ചതു ഗവമ്മെൻറിനറിയാമോ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.— ഉവ്വ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— അതിനു പകരം നിയമിച്ചതു് കെ. ജെ. റോസയെയാണൊ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.— അതിനു പകരം കെ. ജെ. റോസയെയാണോ നിയമിച്ചതു് എന്നറിഞ്ഞുകൂടാ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— കെ. ജെ. റോസയെ ഡിപ്പാർട്ടുമെൻറിൽനിന്നു എത്ര പ്രാവശ്യം പറഞ്ഞയച്ചിട്ടുണ്ട്?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.— കെ. ജെ. റോസയെ ഫ്രൻങ-ൽ ആദ്യം നിയമിച്ചിട്ടുണ്ടായിരുന്നു. പിന്നെ ഡാക്ടർ ക്രംബ്സിൻെറ കാലത്തു പിരിച്ചയച്ചതായിട്ടു കാണുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ വന്നു. പിന്നെയും രാജിവച്ചുപോയി. ഇതൊക്കെ ഞാൻ വരുന്നതിനു മുമ്പാണു് നടന്നിട്ടുള്ളതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— കെ. ജെ. റോസ വിവാഹിതയല്ലെ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു (*Chief Medical Officer*).— അതെ.

**Mr. Shabdai S. Koder** (*Jews Special*).—Why is this restriction imposed?

**Dr. D. Raghavendra Rao** (*Chief Medical Officer*).—In the interests of efficient working of the department.

**Mr. Shabdai S. Koder** (*Jews Special*).—Will not the efficiency improve if this restriction is imposed upon medical men also? (Laughter)

**Dr. A. R. Menon** (*Pallippuram*).—This Miss. Meenakshi was sent away because she married?

**Dr. D. Raghavendra Rao** (*Chief Medical Officer*).—Must have been so.

**Dr. A. R. Menon** (*Pallippuram*).—Another person was admitted and she was married. My point is whether this marriage was made effective on this person since she was a Thiyya lady?

**Dr. D. Raghavendra Rao** (*Chief Medical Officer*).—This happened 18 years ago.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— നേഴ്സുമാക്കു വിവാഹം കഴിക്കുവാൻ പാടില്ലെന്ന വ്യവസ്ഥ വെച്ചതു എന്നാണ് എന്നു പറയുവാൻ ദയവുണ്ടാകുമൊ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു (*Chief Medical Officer*).— അതും അഞ്ചെട്ടു കൊല്ലംമുമ്പാണ് ഉണ്ടായിട്ടുള്ളതു്.

മിസ്റ്റർ കെ. ടി. മാത്തു (*Kunnamkulam*).— അതിനു ശേഷം നിയമിച്ചിട്ടുള്ളവരിൽ ആരെങ്കിലും വിവാഹിതരുണ്ടൊ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു (*Chief Medical Officer*).— ഇല്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ (*Chittur Rural.*).— ഇതിൽ ആകെ ആറുപേർക്ക് മിസ്സസ് എന്നു പറഞ്ഞിട്ടുണ്ടു്. ബാക്കിയുള്ളവരെ വിവാഹം കഴിച്ചവർ ആരാണെന്നറിയാഞ്ഞിട്ടാണൊ ഇങ്ങിനെ കൊടുത്തിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

**Mr. V.K. Krishnankutty** *(Anthikad)*.—Does not this Rosa come under that category that those who marry must leave the medical service?

**Dr. D. Raghavendra Rao** *(Chief Medical Officer)*.—Before this provision was introduced she was here.

**Mr. President.**—This was an appointment made by the Chief Medical Officer 7 years ago.

**Mr. V. K. Krishnankutty** *(Anthikad)*.—Was it not after the rule was promulgated?

**Dr. D. Raghavendra Rao** *(Chief Medical Officer)*.—No.

**Dr. A. R. Menon** *(Pallippuram)*.—Is there any such rule in Madras—I mean this marriage rule?

**Dr. D. Raghavendra Rao** *(Chief Medical Officer)*.—Yes.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഈ നിയമം ഗവമ്മെൻറു പാസ്സാക്കിയതിനു ശേഷമാണൊ മീനാക്ഷിയെ ഡിപ്പാർട്ടമെൻറിൽനിന്നും പറഞ്ഞയച്ചതു്?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.—അതെ എന്നാണ് തോന്നുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— അതിനു ശേഷം കെ. ജെ. റോസയെ നിയമിച്ചപ്പോൾ വിവാഹിതയായിരുന്നില്ലെ?

**Dr. D. Raghavendra Rao** *(Chief Medical Officer)*.—I do not see any use in following up this question because this was done long before I entered service. Subsequent to that definite rules were made by the Government and they are strictly followed.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— അവിവാഹിതയായ ഒരു നേഴ്സ് ഇപ്പോൾ ക്ഷയരോഗബാധിതയായി ആശുപത്രിയിൽ കിടപ്പുണ്ടൊ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.— ഇല്ല.

മിസ്റ്റർ കെ. ടി. മാത്തു *(Kunnamkulam)*.— വിവാഹം കഴിക്കാത്ത ഒരു നേഴ്സ് വിവാഹം കഴിച്ചാൽ ജോലിയിൽനിന്നും പുറത്തു പറഞ്ഞയക്കുമൊ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.— പറഞ്ഞയക്കും.

LIBRARY ARCHIVES Kerala Legislative Assembly

**Mr. President.**—Order, Order. I am afraid I cannot allow any more questions on this.

200. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—താഴെ പറയുന്ന ചോദ്യത്തിന് മറുപടി പറയുവാൻ ഗവമ്മെണ്ടിന് ദയവുണ്ടാകുമോ:—

(എ) നെഴ്സുമാരുടെ ട്രെയിനിംഗിനു ഗവമ്മെണ്ട് നിശ്ചയിച്ചിട്ടുള്ള മിനിമം പരീക്ഷായോഗ്യതയെന്ത്;

(ബി) എസ്സ്. എസ്സ്. എൽ. സി. പാസ്സായവരായിരിക്കണമെന്ന വ്യവസ്ഥ ഗവമ്മെണ്ട് ചെയ്തതു എന്നാണ്;

(സി) അതിനുശേഷം എസ്സ്. എസ്സ്. എൽ. സി. ക്ലാസിൽ വായിച്ചിട്ടുകൂടിയില്ലാത്ത ആരെയെങ്കിലും നെഴ്സുമാരായി ഇവിടെ നിയമിച്ചിട്ടുണ്ടോ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.—

(എ) സ്ക്കൂൾഫൈനൽ പാസ്സായതൊ സ്ക്കൂൾഫൈനൽ കോഴ്സു കഴിഞ്ഞതൊ ആയിരിക്കണം.

(ബി) അങ്ങിനെ ഒരു വ്യവസ്ഥ ചെയ്തിട്ടില്ല.

(സി) എസ്സ്. എസ്സ്. എൽ. സി. ക്ലാസിൽ വായിച്ചിട്ടില്ലാത്ത ചിലരെ നെഴ്സുമാരായി നിയമിച്ചിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—നേഴ്സിന്റെ ട്രെയിനിംഗിന് അപേക്ഷിച്ച ഒരപേക്ഷക്കാരി III ഫാറംവരെ വായിച്ചിട്ടുള്ളു എന്നു പറഞ്ഞു. മിഡ്വൈഫറിക്കെട്ടുത്തു അതു കഴിച്ചുപോയതായിട്ട ഗവമ്മെൻറിനറിയാമൊ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.— ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— III ഫാറംവരെ പഠിച്ചു ബങ്കളൂർപോയി ട്രെയിനിംഗ് കഴിച്ചുവന്ന ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു *(Chief Medical Officer)*.— ഒന്നൊ രണ്ടൊ പേരെ ആക്ടിംഗ് വേക്കൻസിയിൽ വല്ലപ്പോഴും ആളില്ലാതെ വരുമ്പോൾ നിയമിച്ചിട്ടുണ്ട്.

## Roads—repair of—machine for.

**201. Mr. T. A. Ramachandra Ayyar** *(Nellayi)*.—Will the Government be pleased to state:—

(a) whether the Public Works Department purchased a new machine for the repair of roads;

(b) if so, what was the price;

LIBRARY ARCHIVES Kerala Legislative Assembly

## APPENDIX III.

*(Question No. 199.)*

**List of married Nurses.**

(1) Mrs. Evelyn Lawrence
(2) M. Ammukutty Amma
(3) M. Mookambi Amma
(4) Mrs. M. Rodrigues
(5) Mrs. L. Roberio
(6) P. R. Rosa
(7) E. Parukutty Amma
(8) Elia James
(9) Mary Augustin
(10) Mrs. Mary Joseph
(11) K. Lakshmikutty Amma
(12) P. Karthyayani Amma
(13) C. D. Anna
(14) K. J. Rosa
(15) K. Karthyayani Amma

———

LIBRARY ARCHIVES Kerala Legislative Assembly